# രണ്ടു പ്രസ്ഥാനങ്ങളുടെ പ്രസക്തി

## ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി

**?** *രണ്ട് സാമൂഹ്യസാഹചര്യങ്ങളോട് ബന്ധപ്പെട്ട ചരിത്രത്തിൻെറ അനിവാര്യതകളാണ് സലഫി പ്രസ്ഥാനവും ജമാഅത്തെ ഇസ്ലാമിയും. ഏകമുഖമായ ഒരു സംസ്കൃതിയെ പ്രതിനിധീകരിക്കുന്ന അറേബ്യയിൽ, പ്രവാചകാധ്യാപനങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള പുതുപ്രവണതകൾ ജുഗുപ്സാവഹമായപ്പോൾ യഥാർത്ഥ മതമൂല്യങ്ങളിലേക്കുള്ള സംസ്കരണത്തിന്നായാണ് സലഫീ പ്രസ്ഥാനം ഉദയംകൊള്ളുന്നത്. അവിഭക്ത ഇന്ത്യയിലെ, അല്ലെങ്കിൽ ലോകത്തിലെ തന്നെ മുസ്ലിംകൾ സ്വന്തം സ്വത്വം മറക്കുകയും നിലവിലുള്ള അസമത്വപരമായ ബഹുദൈവത്വ മേധാവിത്തങ്ങൾക്കെതിരെ മാതൃകാപരമായ പ്രതിസംസ്കാരം പ്രകടിപ്പിക്കാതിരികയും ചെയ്തപ്പോൾ അവരെ അവരുടെ ഉത്തരവാദിത്തത്തെപറ്റി ബോധവൽക്കരിക്കുകയും അപകർഷബോധത്തിൽ നിന്ന് ഉൽക്കർഷബോധത്തിലേക്ക് ഉയർത്തുകയും ചെയ്തു എന്നിടത്താണ് ജമാഅത്തെ ഇസ്ലാമി പ്രസക്തമാവുന്നത്. (പ്രബോധനം വാരിക, 97 ഒക്ടോബർ 4) ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു?*

**=** അല്ലാഹുവും റസൂലും(സ) പഠിപ്പിച്ച ഇസ്ലാം മാറ്റത്തിരുത്തലോ വെട്ടിച്ചുരുക്കലോ കൂടാതെ പൂർണമായും അന്യൂനമായും സ്വീകരിക്കാനാണ് സലഫീ പ്രസ്ഥാനം എക്കാലത്തും ആഹ്വാനം ചെയ്തിട്ടുള്ളത്. ബ്രിട്ടീഷുകാരുൾപ്പെടെ ഇസ്ലാം വിരുദ്ധ മുസ്ലിം വിരുദ്ധ ശക്തികളോടുള്ള എതിർപ്പിൻെറ മുൻനിരയിലും സലഫികൾ ഉണ്ടായിരുന്നു. ഇന്നും ഈ നിലപാട് തുടരുകയും ചെയ്യുന്നു. എന്നാൽ ജമാഅത്തെ ഇസ്ലാമിയുടെ ഇത്തരം വിഷയങ്ങളിലുള്ള സമീപനം എപ്പോഴും അവ്യക്തവും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. ഇന്ത്യൻ മുസ്ലിംകൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കുവഹിച്ചുകൊണ്ടിരുന്ന കാലത്ത് ജമാഅത്തുകാർ എഴുതിയത് ഒരു വിഗ്രഹം പോയി മറ്റൊരു വിഗ്രഹം വരുമെന്നല്ലാതെ സ്വാതന്ത്ര്യം കൊണ്ട് മുസ്ലിംകൾക്ക് മൗലികമായി നേട്ടമൊന്നും ലഭിക്കാനില്ലെന്നായിരുന്നു. ഖുർആനിൻെറയും സുന്നത്തിൻെറയും ചില അധ്യാപനങ്ങളിൽ നിന്ന് കുറേ മുസ്ലിംകൾ വ്യതിചലിച്ചുപോകുന്ന കാര്യം സലഫികൾ ചൂണ്ടിക്കാണിച്ചപ്പോൾ അത് ശാഖാപരവും നിസാരവുമായ കാര്യങ്ങളുടെ പേരിൽ സമൂഹത്തെ ഭിന്നിപ്പിക്കുന്ന നടപടിയാണെന്ന് വാദിച്ചുകൊണ്ട് 'ജുഗുപ്സാവഹമായ പ്രവണത'കളെ സോപ്പിടുകയാണ് ജമാഅത്തുകാർ മിക്കപ്പോഴും ചെയ്തത്. ഇനി ജമാഅത്തുകാർ വളരെ പ്രാധാന്യപൂർവം എടുത്തുപറയുന്ന 'രാഷ്ട്രീയ ശിർക്കി'നെതിരിലുള്ള ബോധവത്കരണത്തിൻെറ കാര്യമെടുത്താലും ആശയക്കുഴപ്പം ഒരിക്കലും നീങ്ങിയിട്ടില്ല. ഖുർആനിനും സുന്നത്തിനും എതിരിൽ ഭൂമിയിലെ യാതൊരു

ഭരണാധികാരിയെയും നിർബന്ധിത സാഹചര്യത്തിലല്ലാതെ ഒരു മുസ്‌ലിം അനുസരിക്കാൻ പാടില്ല എന്ന് ഉറക്കെപ്പറയുന്ന സലഫികളുടെ മേൽപോലും 'രാഷ്ട്രീയ ശിർക്ക്' ആരോപിക്കുന്ന ജമാഅത്തുകാർ, ഇന്ദിരാഗാന്ധിയുടെ ആരാധകർ പോലും ശിർക്ക് ചെയ്യുന്നില്ല എന്ന് 'പ്രബോധന'ത്തിൽ ഒരിക്കൽ എഴുതിയിട്ടുണ്ട്. ഇങ്ങനെയുള്ള അവ്യക്തതകളും ആശയ വികല്പങ്ങളും ചേർന്നാൽ ആളുകൾ ഉൽക്കർഷബോധത്തിലേക്ക് ഉയർത്തപ്പെടുമെന്ന് പറയുന്നതിന്റെ പൊരുൾ പിടികിട്ടുന്നില്ല.

**(മതം, രാഷ്ട്രീയം, ഇസ്‌ലാഹീ പ്രസ്ഥാനം എന്ന കൃതിയിൽ നിന്ന്)**